(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/1332/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ഇടുക്കി ജില്ല

തീയതി:19.09.2016.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-9/1332/2016

തീയതി:19.09.2016

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20-01-2016 മുതൽ 15-08-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീ എസ്. മുരളിദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16-08-2016 മുതൽ 25-08-2016 വരെ | |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ റ്റി.എസ്. ധനജയൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ എം. കെ അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | ഔദ്യോഗിക കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി റോസമ്മ ജയിംസ് | 01.04.15 മുതൽ 30.04.15 വരെ |
| | ശ്രീമതി സൂസമ്മ സാബു | 01.05.15 മുതൽ 07.05.15 വരെ |
| | ശ്രീ ജോയി തോമസ് | 08.05.15 മുതൽ 25.05.15 വരെ |
| | ശ്രീ ഷിജി സിബി | 26.05.15 മുതൽ 31.10.15 വരെ |
| | അഡ് മിന്സ്ട്രേറ്റീവ് കമ്മറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീ മാത്യു ജോർജ് | 19.11.15 മുതൽ 31.03.15 വരെ |
| സെക്രട്ടറി | ശ്രീ സാബു ജോൺ | 01.04.15 മുതൽ 31.07.15 വരെ |
| | ശ്രീമതി ഷൈലജ പി.റ്റി | 01.08.15 മുതൽ 31.03.16 വരെ |
| അസി. സെക്രട്ടറി | ശ്രീ സജിത് മാത്യു | 01.04.15 മുതൽ 17.07.15 വരെ |
| | ശ്രീ പി.എം. വർഗീസ് | 18.07.15 മുതൽ 30.09.15 വരെ |
| | ശ്രീമതി എം. ഡി. ശാന്ത | 01.10.15 മുതൽ 31.03.16 വരെ |
| അസി. എൻജിനീയർ | ശ്രീ ജോസഫ് തോമസ് | 01.04.15 മുതൽ 21.05.15 വരെ |
| | ശ്രീ എൽദോസ് പോൾ | 22.05.15 മുതൽ 06.06.15 വരെ |
| | ശ്രീ ജോസഫ് തോമസ് | 07.07.15 മുതൽ 05.08.15 വരെ |
| | ശ്രീമതി ശ്രീന എസ്. | 06.08.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രശ്മി വിജയൻ | 01.04.14 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. അരുൺ കുര്യൻ | 01.04.15 മുതൽ 27.05.15 വരെ |
| | ഡോ. ടെസ്സി സബിത | 28.05.15മുതൽ 31.03.16 വരെ |

| | | |
|---|---|---|
| **മെഡിക്കൽ ഓഫീസർ, പി.എച്ച്.സി** | ഡോ. എച്ച് ഹനീഷ് | 01.04.2015 മുതൽ 13.04.15 വരെ |
| | ഡോ. രജീന ആനി ജോർജ്ജ് | 14.04.15 മുതൽ 27.04.15 വരെ |
| | | 09.06.15 മുതൽ 19.06.15 വരെ |
| | ഡോ. ജാസ്മിൻ ഖാദർ | 28.04.15 മുതൽ 21.05.15 വരെ |
| | | 20.06.15 മുതൽ 08.07.15 വരെ |
| | ഡോ. മന്ന മുരളി | 22.05.15 മുതൽ08.06.15 വരെ |
| | | 23.09.15 മുതൽ 08.10.15 വരെ |
| | ഡോ. അരുൺ രമണൻ | 09.07.15 മുതൽ 17.08.15 വരെ |
| | ഡോ. എസ്. സുരേഷ് | 18.08.15 മുതൽ 22.09.15 വരെ |
| | ഡോ. രാജേഷ് .ബി. നായർ | 09.10.15 മുതൽ 31.03.16 വരെ |
| **മെഡിക്കൽ ഓഫീസർ, ആയുർവേദം** | ഡോ.എം. നിത | 01.04.15 മുതൽ 28.12.15വരെ |
| | ഡോ. ധന്യ റ്റി. ഗോപാലൻ | 29.12.15 മുതൽ 03.02.16 വരെ |
| | ഡോ. അന്ന ജോർജ് | 04.02.16 മുതൽ 31.03.16 വരെ |
| **മെഡിക്കൽ ഓഫീസർ, ഹോമിയോ** | ഡോ. എസ്. ബലരാജ് | 01.04.15 മുതൽ 17.05.15 വരെ |
| | ഡോ. എം. എസ്. ബീന | 18.05.15 മുതൽ 31.03.16 വരെ |
| **വി.ഇ.ഒ.** | ശ്രീ. ആർ. ഹരികുമാരൻ പിള്ള | 01.04.15 മുതൽ 31.03.16 വരെ |
| **ഗവ. എൽ.പി.സ്കൂൾ, കോഴിമല** | ശ്രീ. ബേബി ജോസഫ് | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | ശ്രീമതി മറിയാമ്മ ജോസഫ് | 01.04.15 മുതൽ 31.07.15 വരെ |
| | ശ്രീമതി ഇന്ദുലേഖ റ്റി. ആർ. | 01.08.15 മുതൽ 14.10.15 വരെ |
| | ശ്രീമതി ലിസ്സിക്കുട്ടി തോമസ് | 15.10.15 മുതൽ 31.03.16 വരെ |

**ഉള്ളടക്കം**


| **ക്രമ നം.** | **ഭാഗം 1** | **ഖണ്ഡിക നമ്പർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 13 | തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് | 2-1 |
| 14 | പഞ്ചായത്ത് വക കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കാത്തത് | 2-2 |
| 15 | പരസ്യ നികുതി പിരിച്ചെടുക്കാത്തത്. | 2-3 |
| | **ഭാഗം 3** | |
| 16 | ഇ.എം.എസ് ഭവനപദ്ധതി അവലോകനം | 3-1 |
| 17 | ഭവന നിർമ്മാണം. | 3-2 |
| 18 | മീഡിയാശ്രീക്ക് തുക നൽകിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം. | 3-3 |
| 19 | ഭവന നിർമ്മാണം, അറ്റകുറ്റപ്പണി - വേല പൂർത്തിയാക്കാത്ത വീടുകളുടെ വിവരം | 3-4 |
| 20 | റോഡ് കോൺക്രീറ്റിംഗ് -അധിക നിരക്ക് നൽകിയിരിക്കുന്നു - നഷ്ടം ₹ 82396/- | 3-5 |
| 21 | കിടങ്ങംഭാഗം അംഗൻവാടി മെയിന്റനൻസ് - നഷ്ടം - ₹1560/- | 3-6 |
| 22 | ഹോമിയോ, ആരോഗ്യം - നൽകിയ തുകയ്ക്ക് മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ₹93127/- ന്റെ ചെലവ് തടസ്സം. | 3-7 |
| 23 | എസ്.എസ്.എ തുക ചെലവഴിച്ചത് വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല | 3-8 |
| 24 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയിരിക്കുന്ന പദ്ധതികളിലെ അപാകതകൾ | 3-9 |
| | **ഭാഗം 4** | |
| 25 | സംയുക്ത പ്രോജക്ട്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |

| | | |
|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 28 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27-02-2015-ലെ തീരുമാനം I പ്രകാരം അംഗീകരിച്ചു. 30-03-2016-ലെ തീരുമാനം VIII പ്രകാരം സപ്ലിമെന്ററി ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 02-06-2016 | -- | -- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32593666 |
| വരവ് | 47948733 |
| ആകെ | 80542399 |
| ചെലവ് | 69005066 |
| നീക്കിയിരിപ്പ് | 11537333 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3068962 | 3296491 | 6365453 | 6365453 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1252075 | 2144946 | 3397021 | 3397021 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1152553 | 2020765 | 3173318 | 3173318 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2122432 | 5318861 | 7441293 | 7441293 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 961888 | 1919237 | 2881125 | 2881125 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2707238 | 8675329 | 11382567 | 11382567 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3876798 | 2314448 | 6191246 | 6191246 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 12198 | 773814 | 786012 | 784978 | 1034 | 99.87 |
| ബി ഫണ്ട് | 0 | 21871550 | 21871550 | 2187550 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 73035369 | 161 | 54544072 | 52 | 12 | 71.56 |

പദ്ധതി ആരംഭിച്ചിട്ട് പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല -

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22.74 ശതമാനം കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4397347 | 3082584 | (-)1314763 | (-)29.90 |
| നികുതിയേതര വരവുകൾ | 721880 | 541034 | (-)180846 | (-)25.05 |
| മറ്റുവരവുകൾ | 353419 | 664801 | 311382 | (+)88.11 |
| **ആകെ** | **5472646** | **4228419** | **(-)1244227** | **(-)22.74** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23400 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 1325220 | 149 |
| വിധവാപെൻഷൻ | 7311120 | 676 |
| വാർദ്ധക്യകാലപെൻഷൻ | 10406370 | 1231 |
| വികലാംഗപെൻഷൻ | 2156890 | 203 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 89640 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2016 11.45-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ₹1,550/- എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

24.04.2016-ൽ പഞ്ചായത്തിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവുകളിലൂടെ ജോലി വിഭജനം നടത്തി കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഫലപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. സെക്രട്ടറിമാരുടെ സ്ഥലം മാറ്റ സമയത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-07-2016 | 01-16-2016 മുതൽ 30-06-2016 വരെ | 24-03-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-02-2016 മുതൽ 25-02-2016 വരെ | 2010-11 മുതൽ 2014-15 വരെ | 5-4-2016 |

### 1-12 വാർഷിക കണക്കിലെ അപാകത

<u>അപാകതകൾ</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തത്തിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റെയും ഡിപ്രീസിയേഷന്റെയും കൃത്യത പരിശോധിക്കാനായില്ല.
2. സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി ഡിമാന്റ് തുകകൾ വാർഷിക കണക്കുകമായി പൊരുത്തപ്പെടുന്നില്ല.
3. വസ്തു നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ കിട്ടാനുള്ള വസ്തുനികുതിയുടെ വിവരം പഞ്ചായത്തിൽ ഇല്ല.
4. ബാലൻസ് ഷീറ്റിൽ ബി 11 ഷെഡ്യൂളിൽ ബസ് സ്റ്റാന്റ് എന്ന ഇനത്തിൽ ₹88383/- നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് ഇല്ല.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 തൊഴിൽ നികുതി പിരിച്ചെടുക്കാൻ ആവശേഷിക്കുന്നത്

**എ) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് .**

2015-16 വർഷത്തിൽ പഞ്ചായത്ത് ഓഫീസ് കോൺക്രീറ്റിംഗ് റോഡ് നിർമ്മാണം (S057/16) എന്ന പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളവരും പഞ്ചായത്ത്പരിധിയിൽ താമസിക്കുന്നതുമായ താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | രജിസ്റ്ററേഷൻ നം. |
|---|---|---|
| 1. | ഷാജി കെ. ബാലകൃഷ്ണൻ | C/9/09-10 |
| 2. | വിൽസൻ തോമസ് | 10/C/E/12-13 |
| 3. | എം.ജി. ബാലകൃഷ്ണൻ | C/10/E/09-10 |
| 4. | ജോയി ജോസഫ് | 18/C/E/11-12 |
| 5. | പ്രിൻസ് ചെറിയാൻ | 15/C/E/11-12 |
| 6. | ജേക്കബ് വടക്കൻ | 29/C/E/10-11 |
| 7. | പി. എ. ഷാജി | 61/B/SECC 10/13-14 |
| 8. | ബിനോയ് സ്കറിയ | 12/A/13-14/SE/PWD/BCC/TSR |
| 9. | ബിബിൻ ബേബി | 15/E/C/13-14 |

തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ കോൺട്രാക്ടർമാരിൽനിന്നും നികുതി ഈടാക്കേണ്ടതാണ്.

**ബി) സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്:-**

2015-16 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്, കാഞ്ചിയാർ,

2. ബി.എസ്.എൻ.എൽ.,

3. റേഷൻകടകൾ, എന്നിവയിൽനിന്നുള്ള സ്ഥാപന തൊഴിൽനികുതി.

മേൽ പരാമർശിച്ചപ്രകാരം തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 പഞ്ചായത്ത് വക കെട്ടിടങ്ങളിൽനിന്നും വാടക പിരിച്ചെടുക്കാത്തത്.

എ) പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽനിന്നും വാടക ഈടാക്കുന്നില്ല. പി. ഡബ്ല്യ. ഡി. അസിസ്റ്റന്റ് എൻജിനീയർ നിർണ്ണയിച്ച് അറിയിക്കുന്ന വാടക ഉചിത തീരുമാനപ്രകാരം അംഗീകരിച്ച് വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള (Asset Reg.-1, Building- Sl.No.2, Vol-1/98/2) പി.എച്ച്.സി ക്വാർട്ടേർസ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും വാടക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 പരസ്യ നികുതി പിരിച്ചെടുക്കാത്തത്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.3.2015-ലെ ഉത്തരവ് നം.സി5-41258/13 പ്രകാരം കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ പരസ്യ നികുതി ബൈലാ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുകയോ പഞ്ചായത്ത് നേരിട്ട് പിരിക്കുകയോ ചെയ്തിട്ടില്ല. ഉചിത തീരുമാനപ്രകാരം പരസ്യനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഇ.എം.എസ് ഭവനപദ്ധതി അവലോകനം

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം 232 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 230 ഗുണഭോക്താക്കൾ ഭവനപദ്ധതി പൂർത്തിയാക്കി ധനസഹായതുക കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം താഴെ നൽകുന്നു.

| ക്രമ നം | പേര് വിവരം | കരാർ തീയതി | അനുവദിച്ച തുക ₹ | നൽകിയ തുക ₹ | തുടർ ഗഡുക്കൾ നൽകാത്തതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | മറിയാമ്മ മത്തായി വലിയപറമ്പിൽ | 07.06.2011 | 75000 | 67500 | മേൽക്കൂര പണി പൂർത്തിയായി ഗുണഭോക്താവ് ഹാജരായില്ല |

| | | | | | |
|---|---|---|---|---|---|
| 2 | നാരായണൻ മണിയേലിൽ | 30.03.2011 | 75000 | 52500 | അളവിൽ കൂടുതൽ വലുപ്പത്തിൽ വീട് നിർമ്മിച്ചു |

1. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്റർ എന്നത് ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ പണിപൂർത്തീകരിക്കാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10% വരെ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് നല്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.01.2013ലെ സ.ഉ(കൈ) 163/2013 നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തിൽ തറവിസ്തീർണ്ണത്തിന്റെ കൃത്യമായ അളവ് തിട്ടപ്പെടുത്തി ഉചിത തീരുമാനം എടുക്കേണ്ടതാണ്.

2. ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തദ്ദേശസ്വയംഭരണവകുപ്പിന്റെ 19.04.2011ലെ സ.ഉ(സാധാ) 1038/11 ഉത്തരവ് പ്രകാരം 12% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 ഭവന നിർമ്മാണം-സർക്കാർ ഉത്തരവ് പാലിച്ചില്ല. ₹200000/-യുടെ ചെലവ് തടസ്സം.

| | |
|---|---|
| നിർവ്വഹണം | ഗ്രാമസേവകൻ |
| പദ്ധതി നം | 89/2016 |
| പദ്ധതി | ഭവന നിർമ്മാണം-(പൊതു വിഭാഗം) |
| ബിൽ നം , തുക | 5/2015-16 തീ 30.09.2015 ₹280000 |
| | 9/2015-16 തീ 11.01.2016 ₹520000 |
| | 14/2015-16 തീ 26.02.2016 ₹420000 |
| | 23/2015-16 തീ 30.03.2016 ₹240000 |

ഗ്രാമപഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ വരുമാനപരിധി ₹50000/- ൽ അധികരിക്കരുതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ(കൈ) 362/2013 പ്രകാരവും ഭവനപദ്ധതി നടപ്പാക്കുമ്പോൾ റവന്യൂ വകുപ്പിൽ നിന്നും കൈവശാവകാശം ലഭിച്ചിട്ടുള്ള ഭൂമിയിൽ വീട് അനുവദിക്കുന്ന അവസരത്തിൽ വീടും സ്ഥലവും പത്ത് വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുന്നതല്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് എഴുതി രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ വരുമാന പരിധി തെളിയിക്കുന്ന രേഖയും കരാർ തയ്യാറാക്കി രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. (ഒപ്പിടാത്ത കരാർ പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ചെലവ് വിവരം താഴെ നൽകുന്നു.

| ഗുണഭോക്താവ് | തുക₹ | ഡി.ഡി നം തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ. കെ.എൻ രാജൻ കുഴിയാനപ്പിള്ളിൽ നരിയംപാറ | 40000 | 761862 തീ 03.10.2015 |
| | 60000 | 763560 തീ 11.01.2016 |
| | 60000 | 764800 തീ 26.02.2016 |
| | 40000 | 766151 തീ 30.03.2016 |
| **ആകെ** | **200000** | |

മേൽ വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 11 തീ 19-08-2016) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

അവശ്യ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 മീഡിയാശ്രീക്ക് തുക നൽകിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 73/2016 |
| പദ്ധതി | മീഡിയാശ്രീക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| ബിൽ നം | 18/2015-16 തീ 29.09.2015 |
| തുക | ₹65000 |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.02.2015 ലെ സ.ഉ (സാധാ) 462/2015 ലെ നിർദ്ദേശാനുസരണം ₹65000/-(ഡി.ഡിനം 761776 തീ 30.09.2015) പ്രകാരം മീഡിയാശ്രീക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽ വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 12 തീ 19-08-2016) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 ഭവന നിർമ്മാണം, അറ്റകുറ്റപ്പണി - വേല പൂർത്തിയാക്കാത്ത വീടുകളുടെ വിവരം

നിർവ്വഹണം ഗ്രാമസേവകൻ

**1.ഭവന നിർമ്മാണം**

| | |
|---|---|
| പദ്ധതി നം | 89/2016 |
| പദ്ധതി | ഭവന നിർമ്മാണം-(പൊതു വിഭാഗം) |

താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലന്ന് കാണുന്നു

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ |
|---|---|---|

| | | തുക ₹ |
|---|---|---|
| 1 | ശ്രീ ജോൺ മൈക്കിൾ, മുതുകുളത്ത് | 160000 |
| 2 | ശ്രീ ജിനേഷ് സെബാസ്റ്റ്യൻ പുന്നക്കോട്ടിൽ | 160000 |
| 3 | ശ്രീമതി പ്രിൻസി റ്റോജ്, പൂവത്തുമൂട്ടിൽ | 160000 |
| 4 | ശ്രീമതി നിഷാ ബിനു, പൊട്ടപ്ലാക്കൽ | 160000 |
| 5 | ശ്രീമതി മോളി കുട്ടപ്പൻ, തടത്തിപറമ്പിൽ | 160000 |
| 6 | ശ്രീമതി രജി അനീഷ്, പാറശ്ശേരിൽ | 160000 |

**2.വീട് അറ്റകുറ്റപണി**

| | |
|---|---|
| പദ്ധതി നം | 90/2016 |
| പദ്ധതി | വീട് അറ്റകുറ്റപണി-(പൊതു വിഭാഗം) |

താഴെ പരാമർശിക്കുന്ന ഗുണഭോക്താവിന്റെ വീട് അറ്റകുറ്റപണി പൂർത്തീകരിച്ചിട്ടില്ലന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക ₹ |
|---|---|---|
| 1 | ശ്രീമതി രാജമ്മ സുരേഷ് കണ്ടത്തുംകര | 10000 |

മേൽ പരാമർശിച്ചിത ഗുണഭോക്താക്കളുടെ വേലകൾ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 റോഡ് കോൺക്രീറ്റിംഗ് -അധിക നിരക്ക് നൽകിയിരിക്കുന്നു - നഷ്ടം ₹ 82396/-

റോഡ് കോൺക്രീറ്റിംഗിൽ providing and laying in position plain cement concrete of 1:2:4, using 20mm nominal size excluding the cost of centering and shuttering -all work up to plinth level എന്ന ഇനത്തിന് സി.പി.ഡബ്യൂ.ഡി. പുറപ്പെടുവിച്ചിരിക്കുന്ന Analysis of rates for Delhi(vol.I)കോഡ് നം.4.1.3 പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. ഗുണഭോക്തൃസമിതിമുഖേന നടപ്പാക്കുന്ന പ്രവർത്തിക്ക് ₹4706.23യും തൻവർഷത്തെ കോസ്റ്റ് ഇൻഡക്സായ 48.57% ഉം ഉൾപ്പെടെ ₹7062/$m^3$ ആണ് ഈ ഇനത്തിന് അനുവദിക്കേണ്ട നിരക്ക്. എന്നാൽ കോഡ് നം 11.7 പ്രകാരമുള്ള ഫ്ലോറിംഗ് കോൺക്രീറ്റ് നടത്തുന്നതിനുള്ള നിരക്കായ ₹7440.40/$m^3$ നൽകിയതിനാൽ. 378.4/$m^3$ നിരക്കിൽ അധിക തുക നൽകിയിരിക്കുന്നു. അധിക തുക നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം അടങ്കൽ/ | കൺവീനർ, എഗ്രിമെന്റ് നം | ബിൽ നം. തുക | അളവ് ബുക്ക് നം, ഇനം നം, അളവ്($m^3$) | അധികം അനുവദിച്ച തുക | എസ്റ്റിമേറ്റ് തയ്യാറാക്കിയത്/ എസ്റ്റിമേറ്റ് അംഗീകരിച്ചത് |
|---|---|---|---|---|---|---|
| 1 | തൊപ്പിപ്പാള കാക്കാട്ടുകട റോഡ് സംരക്ഷണഭിത്തിയും കലുങ്കം.156/16 | ശ്രീ.സാബു കുര്യൻ. | 61/15-16/15.02.16 ₹100000/- | 84/15-16, | 1.125X378.4 =425.7 | ശ്രീമതി.ശ്രീന എസ്/ |

| | | | | | | |
|---|---|---|---|---|---|---|
| | ₹100000/- | 84/AE/LSGD/ KNCR dt.25.11.15 | | 11<br>1.125 | | ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 2 | പുട്ടുസിറ്റി കൽതൊട്ടി റോഡിൽമുള്ളൻമടപ്പടി മുതൽ കോൺക്രീറ്റിംഗ്.<br>221/16. | ശ്രീ.തോമസ് വർക്കി.<br>89/AE/LSGD/ KNCR dt.25.11.15 | 75/15-16/09.03.16<br>₹236357/- | 89/15-16,<br>3<br>12.964 | 12.964X378.4 =4904.06 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 3 | ഇടക്കുടിയിൽപടി സ്കൂൾപടി റോഡ് കോൺക്രീറ്റിംഗ്.<br>209/16.<br>₹100000/- | 88/AE/LSGD/ KNCR dt.25.11.15 | 74/15-16/09.03.16.<br>₹100000/- | 88/15-16,<br>3<br>5.63 | 5.63X378.4 =2130.39 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.ബിജു.കെ |
| 4 | പൊന്നൂർപടി മുതുപേഴുംപടി റോഡ് അറ്റകുറ്റപ്പണി.<br>186/16.<br>₹50000/- | 123/AE/LSGD/ KNCR dt.25.02.16 | 101/15-16/31.03.16.<br>₹50000/- | 123/15-16,<br>3<br>2.53 | 2.53X378.4 =957.35 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 5 | പേണ്ടാനംപടി കല്യാണത്തണ്ട് റോഡ്.210/16.<br>ശ്രീമതി.ജീജാമോൾ<br>₹100000/- | 87/AE/LSGD/ KNCR dt.25.11.15 | 85/15-16/28.03.16<br>₹100000/- | 87/15-16,<br>3<br>5.63 | 5.63X378.4 =2130.39 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 6 | കിഴക്കേമാട്ടുകട്ട റോഡിൽ ഐറിഷ് ഓട നിർമ്മാണം.<br>244/16.<br>ശ്രീ.റ്റോണി തോമസ്.<br>₹50000/-. | 101/AE/LSGD/ KNCR dt.25.02.16 | 103/15-16 /31.03.16.<br>₹50000/- | 101/15-16,<br>3<br>1.42 | 1.42X378.4 =537.33 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 7 | തുളസിപ്പടി ചക്കാലപ്പടി റോഡിൽ ശങ്കരശ്ശേരിപ്പടി മുതൽ ആറ്റുചാലിപ്പടിവരെ കോണ്ക്രീറ്റിംഗ്.<br>245/16.<br>ശ്രീ.സെബാസ്റ്റ്യൻ<br>₹400000/- | 122/AE/LSGD/ KNCR dt.25.02.16 | 98/15-16/31.03.16₹399882/- | 122/15-16,<br>3<br>22.37 | 22.37X378.4 =8464.8 | ശ്രീമതി.ശ്രീന എസ്/<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 8 | മഞ്ഞളുപാറ ബാലവാടി റോഡ് കോൺക്രീറ്റിംഗ്.<br>228/16<br>₹150000/- | 71/AE/LSGD/ KNCR dt.03.10.15 | 57/15-16/22.01.16<br>₹149999/- | 71/15-16<br>3<br>8.24m3 | 378.40X8.24 =3116.7 | ശ്രീമതി.ശ്രീന എസ്<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 9 | ചന്ദ്രൻസിറ്റി അമ്പലപ്പടി പടികരിനാട്ട് പടി റോഡ് കോൺക്രീറ്റിംഗ്<br>217/16<br>₹250000/- | 12/AE/LSGD/ KNCR dt.07.08.15 | 56/15-16/22.01.16<br>₹249999/- | 12/15-16<br>3<br>13.70m3 | 378.40X13.70 =5184.08 | ശ്രീ.ജോസഫ് തോമസ്<br>ശ്രീ.ബിജു.കെ |
| 10 | പൂവേലിപ്പടി താനോലിപ്പടി റോഡ് കോൺക്രീറ്റിംഗ്<br>183/16 | 33/AE/LSGD/ KNCR dt.31.08.15 | 53/15-16/22.01.16<br>₹100000/- | 33/15-16<br>3 | 378.40X5.5 =2098.98 | ശ്രീമതി.ശ്രീന എസ്. |

| | | | | | | |
|---|---|---|---|---|---|---|
| | ₹250000/- | | | 5.547m3 | | ശ്രീ.ബിജു.കെ |
| 11 | സ്വരാജ് കോടാലിപ്പാറ റോഡ് അറ്റകുറ്റപ്പണിയും സംരക്ഷണഭിത്തി നിർമ്മാണവും 151/16<br>₹250000/- | 39/AE/LSGD/ KNCR dt.31.08.15 | 52/15-16/22.01.16 ₹240317/- | 39/15-16<br>7<br>1.55m3 | 378.40X1.55 =586.52 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.ബിജു.കെ |
| 12 | മൂഴിയാങ്കൽപടി വരിക്കാനിക്കൽ പടി റോഡ് കോൺക്രീറ്റിംഗ്. 184/16<br>₹100000/- | 74/AE/LSGD/ KNCR dt.03.10.15 | 51/15-16/22.01.16 ₹10000/- | 74/15-16<br>3<br>5.51m3 | 378.40X5.51 =2084.98 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 13 | തച്ചൻപറമ്പിൽ റോഡ് കോൺക്രീറ്റിംഗ്. 213/16<br>₹150000/- | 74/AE/LSGD/ KNCR dt.03.10.15 | 49/15-16/13.01.16 ₹20000/- | 74/15-16<br>3<br>8.39m3 | 378.40X8.39 =3174.78 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 14 | കുഴിക്കോടിപ്പടി കല്യാണത്തണ്ട് റോഡ് കോൺക്രീറ്റിംഗ്. 231/16<br>₹200000/- | 67/AE/LSGD/ KNCR dt.03.10.15 | 44/15-16/13.01.16 ₹20000/- | 67/15-16<br>3<br>10.98m3 | 378.40X10.98 =4154.83 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 15 | പേഴുംകണ്ടം അശോകൻപടി റോഡ് കോൺക്രീറ്റിംഗ്. 219/16<br>₹348383/- | 53/AE/LSGD/ KNCR dt.22.09.15 | 39/15-16/31.12.15 ₹337465/-<br>40/15-16/31.12.15 ₹7918/- | 53/15-16<br>3<br>18.32m3 | 378.40X18.32 =6932.29 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.ബിജു.കെ |
| 16 | പടവിൽപടി വിലങ്ങുപാറ റോഡിൽ നരിവേലിപ്പടി ഭാഗം മുതൽ കോൺക്രീറ്റിംഗ്. 211/16<br>₹200000/- | 22/AE/LSGD/ KNCR dt.17.08.15 | 24/15-16/10.12.15 ₹349276/- | 22/15-16<br>3<br>10.96m3 | 378.40X10.96 =4147.26 | ശ്രീ.ജോസഫ് തോമസ്<br>ശ്രീ.ബിജു.കെ |
| 17 | വികാസ് ഫോറസ്റ്റ് റോഡിൽകലുങ്ക് 150/16<br>₹350000/- | 40/AE/LSGD/ KNCR dt.31.08.15 | 25/15-16/16.12.15 ₹349276/- | 40/15-16<br>11,16<br>(1.972+5.04) 7.02m3 | 378.40X7.02 =2656.37 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.ബിജു.കെ |
| 18 | സ്വരാജ് കുനംപാല റോഡ് കോൺക്രീറ്റിംഗ്. 185/16<br>₹250000/- | 56/AE/LSGD/ KNCR dt.25.09.15 | 17/15-16/29.10.15 ₹150000/- | 56/15-16<br>3<br>8.24m3 | 378.40X8.24 =3118.06 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 19 | മയ്യന്നാൽപ്പടി കുമ്പഴപ്പടിഞ്ഞാറേതിൽ പടി റോഡ് കോൺക്രീറ്റിംഗ്. 208/16<br>₹250000/- | 47/AE/LSGD/ KNCR dt.22.09.15 | 17/15-16/29.10.15 ₹250000/- | 47/15-16<br>3<br>13.73 m3 | 378.40X13.73 =5195.43 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.സന്തോഷ് കുമാർ എം.എസ് |
| 20 | മാമൂട്ടിൽപ്പടി ആലപ്പാട്ട് പടി റോഡ് കോൺക്രീറ്റിംഗ്. 216/16 | 45/AE/LSGD/ KNCR dt.22.09.15 | 20/15-16/29.10.15 ₹100000/- | 45/15-16<br>4 | 378.40X5.49 =2077.42 | ശ്രീമതി.ശ്രീന എസ്. |

| | | | | | | |
|---|---|---|---|---|---|---|
| | ₹100000/- | | | 5.49 m3 | | ശ്രീ.ബിജു.കെ |
| 21 | പാത്തിക്കൽപ്പടി പാണ്ടിമാക്കൽപ്പടി നടപ്പാത കോണ്ക്രീറ്റിംഗ്. 155/16<br>₹50000/- | 43/AE/LSGD/ KNCR dt.18.09.15 | 16/15-16/29.10.15 ₹49220/- | 43/15-16<br>4<br>2.19 m3 | 378.40X2.19 =828.7 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.ബിജു.കെ |
| 22 | കരിശുങ്കൽപ്പടി പാറനിരപ്പ് നടപ്പാത സ്റ്റെപ്പ് നിർമ്മാണം ₹200000/- | 26/AE/LSGD/ KNCR dt.31.08.15 | 15/15-16/19.10.15 ₹199982/- | 26/15-16<br>3<br>18.802m2 | 378.40X18.802 =7114.68 | ശ്രീമതി.ശ്രീന എസ്.<br>ശ്രീ.ബിജു.കെ |
| 23 | ലബ്ബക്കട കൽതൊട്ടി റോഡിൽ നരിയനാനിപ്പടി മുതൽ ചരളിയിൽപടി വരെ കോൺക്രീറ്റിംഗ്. 215/16<br>₹300000/- | 10/AE/LSGD/ KNCR dt.07.08.15 | 14/15-16/19.10.15 ₹299914/- | 10/15-16<br>3<br>16.45 m2 | 378.40X16.45 =6224.68 | ശ്രീ.ജോസഫ് തോമസ്<br>ശ്രീ.ബിജു.കെ |
| 24 | കിഴക്കേ മാട്ടുകട്ട കരിശുമല റോഡിൽ കദളിക്കാട് മാലിപ്പടി ഭാഗത്ത് കോൺക്രീറ്റിംഗ്. 212/16<br>₹200000/- | 8/AE/LSGD/ KNCR dt.07.08.15 | 11/15-16/28.09.15 ₹200000/- | 8/15-16<br>3<br>0.98 m2 | 378X10.98 =4154.83 | ശ്രീ.ജോസഫ് തോമസ്<br>ശ്രീ.ബിജു.കെ |
| | **ആകെ** | | | | **82402.28** | |

അധികം നൽകിയ ₹82402/-എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഇടാക്കേണ്ടതാണ്.

## 3-6 കിടങ്ങംഭാഗം അംഗൻവാടി മെയിന്റനൻസ് - നഷ്ടം - ₹1560/-

| | |
|---|---|
| പ്രോജക്റ്റ് നം | 127/16 |
| ബിൽനം | 62/15-16 തീ.15.02.16 ₹100000/- |
| അളവ് ബുക്ക് നം | 83/15-16 |
| കൺവീനർ | ശ്രീമതി റോസമ്മ |

അളവ് ബുക്ക് ഇനം 4 പ്രകാരം Roofing with G.I trafford sheet 0.35 mm thick powder coated with overlap of 150mm at ends എന്ന ഇനം 22.32m$^2$ ചെയ്തതിന് ₹535.70/m$^2$ നിരക്കിൽ ₹11956.82അനുവദിച്ചിരിക്കുന്നു. എൽ.എസ്.ജി.ഡി.ഇടുക്കിജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സേർവ്ഡ് ഡേറ്റാ പ്രകാരം അനുവദിക്കാവുന്ന നിരക്ക് 465.80/m$^2$ മാത്രമാണ്. വിശദാംശം താഴെ ചേർക്കുന്നു. പ്രവൃത്തി ചെയ്തത് കൺവീനറാണ്. എന്നാൽ കരാറുകാരന്റെ ലാഭം 10%ഉം OH Charge 5%ഉം ഉൾപ്പെടെയുള്ള നിരക്കാണ് നൽകിയത്.

| | | | | | | |
|---|---|---|---|---|---|---|
| MR | G.I tarfford profile sheet 0.35 mm thick | 1M$^2$ | 11.500 | 269.10 | 3094.65 | |

| | | | | | | |
|---|---|---|---|---|---|---|
| 8210 | Stainless steel screws 50 mm | 100 Nos | 12.000 | 260.00 | 31.20 | |
| 1208 | Bitumen washer | 100 Nos | 24.000 | 30.00 | 7.20 | |
| | LABOUR: | | | | | |
| 112 | Carpenter 2nd class | Day | 1.350 | 399.00 | 538.65 | |
| 114 | Beldar | Day | 1.350 | 329.00 | 444.15 | |
| | | | | Total | 4115.85 | |
| | | | | Market rate = | 3094.65 | |
| | | | Add water charges 1% | | 30.95 | |
| | | | Total | | 3125.60 | A |
| | | | | Total excluding Market rate= | 1021.20 | |
| | | | Add water charges 1% | | 10.21 | |
| | | | Total | | 1031.41 | B |
| | For 10 Sq.M with Cost Index (A+1.4857B) | | | | 4657.97 | |

69.9/$m^2$ നിരക്കിൽ അധികമായി തുക അനുവദിച്ചിരിക്കുന്നു. ഇതുമൂലം ആകെ (69.9X22.32)₹1560.17/- അധികമായി നൽകിയിരിക്കുന്നു. അധികം നൽകിയ ₹1560/- പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ഹോമിയോ, ആരോഗ്യം - നൽകിയ തുകയ്ക്ക് മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ₹93127/- ന്റെ ചെലവ് തടസ്സം.

**1.ഹോമിയോ**

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പദ്ധതി നം | 92/2016 |
| പദ്ധതി | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹150000/- (13 ധനകാര്യ കമ്മീഷൻ) |
| ബിൽ നം,തുക | 5/2015-16 തീ 28.10.2015, ₹90333 |
| | 6/2015-16 തീ 20.01.2016, ₹59667 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി കേരളാ സംസ്ഥാന ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസിക്ക് ₹1,50,000/- നൽകിയെങ്കിലും ₹90333/- യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. പി.എഫ് 851 തീ 20.11.2015 പ്രൊഫോർമയിലെ മരുന്നുകൾക്കായി ഡി.ഡി നം 763784 തീ 20.01.2016 പ്രകാരം നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കാത്തതിനാൽ ₹59667/-യുടെ ചെലവ് തടസ്സം ചെയ്യുന്നു.

മേൽ വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 09 തീയതി.19-08-2016) നൽകിയതിൽ 23.08.2016-ൽ മരുന്ന് ലഭ്യമായിട്ടുണ്ടെന്ന് മറുപടി തന്നിട്ടുണ്ടെങ്കിലും മരുന്ന് സ്റ്റോക്കിലെടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കിയില്ല.

**2.ആരോഗ്യം**

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ആരോഗ്യം | |
| പദ്ധതി നം | 96/2016 | 97/2016 |
| പദ്ധതി | പി.എച്ച്.സി ആശുപത്രിക്ക് മരുന്ന് വാങ്ങൽ | പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | ₹100000/- | ₹425000/- |
| ബിൽ നം,തുക | 2/2015-16 തീ 22.08.2015, ₹99999/- | 1/2015-16 തീ 22.08.2015 ₹204129/- |

മേൽ പരാമർശിത പദ്ധതികൾ പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് തുക നൽകിയതിന്റെയും ലഭിച്ച മരുന്നുകളുടെയും വിവരം താഴെ പരാമർശിക്കുന്നു.

| **പദ്ധതി** | **പി.എച്ച്.സി ആശുപത്രിക്ക് മരുന്ന് വാങ്ങൽ** | | **പാലിയേറ്റീവ് കെയർ പദ്ധതി** | |
|---|---|---|---|---|
| പ്രഫോർമ | 676 തീ 28.07.2015 | | 677 തീ 28.07.2015 | |
| ഡി.ഡി നം & തീയതി | 108242 തീ 22.08.2015 | | 108243 തീ 22.08.2015 | |
| **തുക ₹** | **99999** | | **99999** | |
| ലഭിച്ച മരുന്നുകളുടെ വിവരം | | | | |
| ഇൻവോയ്സ് നം തീയതി & തുക | 1867 തീ 13.10.2015 | 45201 | 1868 തീ 13.10.2015 | 4921 |
| | 2492 തീ 17.11.2015 | 36634 | 2494 തീ 17.11.2015 | 54204 |
| | 4050 തീ 30.01.2016 | 12253 | 4049 തീ 30.01.2016 | 4431 |
| | 4541 തീ 22.02.2016 | 3949 | 4365 തീ 12.02.2016 | 853 |
| | | | 4826 തീ 03.03.2016 | 4092 |
| ആകെ | | 98037 | | 68501 |

| | | | | |
|---|---|---|---|---|
| ബാക്കി | | 1962 | | 31498 |

മേൽ വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 10 തീ 19-08-2016) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആകെ നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭ്യമാക്കാത്തതിനാൽ ₹33460/- യുടെ ചെലവ് തടസ്സം ചെയ്യുന്നു.

അതാത് സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 എസ്.എസ്.എ തുക ചെലവഴിച്ചതിന് വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

തൻ വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി ₹7,00,000/-ബിൽ നം 16/2015-16 തീ 29.04.2015 പ്രകാരം എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചിട്ടുണ്ട് എന്ന് മാത്രം രേഖപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രമാണ് എസ്.എസ്.എ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കിയത്.വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയിരിക്കുന്ന പദ്ധതികളിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്ത് 2013-14,2014-15 വർഷത്തിലെ ഗുണ. സമിതി മുഖേനെ നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണ സമിതി മുഖേനെ നടപ്പാക്കുന്ന പ്രവർത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് അസി.എഞ്ചിനീയർ ഭൂരിഭാഗം മരാമത്ത് പ്രവർത്തികളും നടപ്പാക്കിയിരിക്കുന്നത് .വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃസമിതി പ്രവൃത്തി നിർവ്വഹിച്ചതിന്റെ വൗച്ചറുകൾ,ബില്ലുകൾ,രസീതുകൾ,മസ്റ്റർ റോളുകൾ എന്നിവ ഇല്ലാതെ അളവ് ബുക്കിലെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രം ചില പ്രവൃത്തികളുടെ ബില്ലുകൾ മാറി കൺവീനർമാർക്ക് നൽകിയിരിക്കുന്നു.

2.മേൽ പരാമർശിച്ച രേഖകൾ സൂക്ഷിച്ചിരിക്കുന്ന ഫയലുകളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

എ).പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ

എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും കൂലി, മെറ്റീരിയൽസ് വില തുടങ്ങിയവയുമായി ബന്ധപ്പെട്ട പണമിടപാടുകൾ ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

ബി).പ്രവർത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം,അച്ഛന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വിവരങ്ങൾ പൂർണ്ണമായി പല മസ്റ്റർറോളുകളിലും ഉൾപ്പെടുത്തിയിട്ടില്ല. എന്നുമാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും രേഖപ്പെടുത്താത്ത മസ്റ്റർറോളുകൾ പോലും ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു.

സി).പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്. സിമന്റ്, കമ്പി, സ്റ്റീൽ മെറ്റൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ ഇവയുടെ ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് ( ഫോറം 8 B പ്രകാരമുള്ളത് ) ഹാജരാക്കിയിട്ടില്ല.

ഡി).ജി.ഒ.( പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവർത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗ രേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്.എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവത്തികളിലെല്ലാം അടങ്കലിൽ ഉൾപ്പെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല.) അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല,

ഇ)ജി.ഒ. (എം.എസ്.) 362/2013 തസ്വഭവ 16.11.2013 ഖണ്ഡിക 7.11 (1) 3 -ൽ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തികശേഷിയും സാങ്കേതിക-സംഘാടന പരിചയവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏൽപ്പിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല –

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**- ഇല്ല –**

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

- ഇല്ല –

### 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല –

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹32/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 30 | 32 | കുമാരി ശേഖരൻ,<br>പഞ്ചായത്ത് മെമ്പർ | 11520100066/7.4.15 |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54536/- നിരാകരിക്കുന്നു. | തുക ഈടാക്കാൻ റവന്യൂ റിക്കവറി ആരംഭിച്ചിട്ടുണ്ട്. |
| 2003-04 | 3-1 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ ഹാജരാക്കിയില്ല. | ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 2002-03 | 3-15 | 2006-07 | 3.35.2 | -ടി - | -ടി- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47948733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69005066 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83956 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 358127 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | -- | 82402/- | ശ്രീമതി.ശ്രീന.എസ്, എ.ഇ, ₹31346/-<br>ശ്രീ.ജോസഫ് തോമസ്,എ.ഇ, ₹9855/-<br>ശ്രീ.ബിജു.കെ.,അസി.എക്സി.എൻജിനീയർ,₹22068/-<br>ശ്രീ.സന്തോഷ് കുമാർ എം.എസ്, അസി.എക്സി.എൻജിനീയർ ₹19133/- |
| 3-6 | -- | 1560/- | ശ്രീമതി.ശ്രീന.എസ്, എ.ഇ, |
| **ആകെ** | | **83956/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 200000/- | ശ്രീ.ആർ.ഹരികുമാരൻപിള്ള, ഗ്രാമസേവകൻ |
| 3-3 | 65000/- | ശ്രീമതി.പി.റ്റി.ഷൈലജ, സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 93127/- | 59667/- ഡോ.എം.എസ്.ബിന, മെഡിക്കൽ ഓഫീസർ(ഹോമിയോ)<br>33460/- ഡോ.മന മുരളി, മെഡിക്കൽ ഓഫീസർ, (ആരോഗ്യം) |
| **ആകെ** | **358127/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല --

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല --

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീന എസ്<br>അസി.എൻജിനീയർ | അസി.എൻജിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് | കാറ്റുങ്കൽ പറമ്പിൽ<br>ശാന്തിനഗർ<br>കട്ടപ്പന സൗത്ത് പി.ഒ |
| ജോസഫ് തോമസ്<br>അസി.എൻജിനീയർ | അസി.എൻജിനീയർ<br>എൽ.എസ്.ജി.ഡി.സബ് ഡിവിഷൻ<br>കട്ടപ്പന ബ്ലോക്ക് | തെക്കേൽ ഹൗസ്<br>നെറ്റിത്തൊഴു.പി.ഒ<br>മൈലാട്ടുംപാറ<br>685551 |
| കെ.ബിജു<br>അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>ഈരാറ്റുപേട്ട ബ്ലോക്ക് | വിസ്ഡം ഗാർഡൻസ്<br>കെ.കെ.നഗർ<br>മണ്ണന്തല.പി.ഒ<br>തിരുവനന്തപുരം |
| ശ്രീ.എം.എസ്.സന്തോഷ് കുമാർ<br>അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>കട്ടപ്പന ബ്ലോക്ക് | സുവല്യ<br>പേരൂർക്കട.പി.ഒ<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഐ-06/149/9830.06.1998 | |
| 1997-98 | എൽ.എഫ്.ഐ-06/723/99/28.09.2000 | |
| 1998-99 | എൽ.എഫ്.ഐ-06/261/00/30.12.2000 | |
| 1999-00 | എൽ.എഫ്.ഐ-06/198/2001/31.10.2001 | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഐ-06/81/2004/09.06.2004 | |
| 2001-02 | എൽ.എഫ്.ഐ-06/282/2004/13.12.2003 | |
| 2002-03 | എൽ.എഫ്.ഐ-06/386/2006/30.11.2006 | |
| 2003-04 | എൽ.എഫ്.ഐ-08/227/2007/30.03.2007 | |
| 2004-05 | എൽ.എഫ്.ഐ-08/877/2007/05.04.2008 | |
| 2005-06 | എൽ.എഫ്.ഐ-08/905/2007/11.04.2008 | |
| 2006-07 | എൽ.എഫ്.ഐ-08/539/2008/03.11.2008 | |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/08.07.2010 | |
| 2009-10 | എൽ.എഫ്.ഐ-09/976/2011/30.05.2012 | |
| 2010-11 | എൽ.എഫ്.ഐ-09/129/2013/04.10.2013 | |
| 2011-12 | എൽ.എഫ്.ഐ-09/1384/2013/11.07.2014 | |
| 2012-13 | എൽ.എഫ്.ഐ-09/1327/2014/15.12.2014 | |
| 2013-14 | എൽ.എഫ്.ഐ-09/950/2015/12.08.2015 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90/5.3.16 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ്**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ -9/1332/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, തീയതി: 19.09.2016

doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

KSA-IDK-9/1332 /2016

Kerala State Audit Department

District Audit Office, Idukki,

Thodupuzha,

Dated: 19.09.2016
doidk.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **KANCHIYAR** Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of **KANCHIYAR** Grama Panchayat for the year 2015-16 expect observations in my Audit Report properly presents the picture of income & expenditure.

**DEPUTY DIRECTOR.**